റിപ്പോർട്ട്
●
ശക്കീർ മുല്ലക്കര

# ദിശയിലേക്ക് വിരൽചൂണ്ടി ദിശ

**തൃശൂർ:** 2009 ഒക്ടോബർ 31 മുതൽ നവംബർ 8 വരെ തൃശൂർ ശക്തൻനഗറിൽ സംഘടിപ്പിച്ച 'ദിശ' ഇസ്‌ലാമിക് എക്സിബിഷൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. അഭൂതപൂർവമായ ജനത്തിരക്കാണ് ദിശയിൽ അനുഭവപ്പെട്ടത്. പലരും എക്സിബിഷൻ കാണാനാവാതെ മടങ്ങുകയായിരുന്നു. സഹോദര സമുദായത്തിൽപ്പെട്ടവരുടെയും സ്ത്രീകളുടെയും പങ്കാളിത്തം എക്സിബിഷനെ ശ്രദ്ധേയമാക്കി. സാമ്രാജ്യത്വ അധിനിവേശം, പലിശക്കെണി, ലഹരിദുരന്തങ്ങൾ, വിദ്യാഭ്യാസം, മനുഷ്യാവകാശ ലംഘനങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, സ്ത്രീ സമൂഹം, അഴിമതി, വിശ്വാസ ദർശനങ്ങൾ, ഇസ്‌ലാമിക് ബാങ്കിംഗ് തുടങ്ങിയ 45-ഓളം സ്റ്റാളുകൾ ഒരുക്കിയിരുന്നു. ചിത്രങ്ങൾ, ചാർട്ടുകൾ, വീഡിയോകൾ, ചലന-നിശ്ചല മാതൃകകൾ, മൾട്ടിമീഡിയാ സങ്കേതങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് സംവിധാനിച്ച ആവിഷ്കാരങ്ങളായിരുന്നു എക്സിബിഷനിലുണ്ടായിരുന്നത്. ആശയവിനിമയത്തിനും ചർച്ചകൾക്കും സൗകര്യമൊരുക്കിയിരുന്നു.




എല്ലാ ദിവസവും സായാഹ്നങ്ങളിൽ സംവാദങ്ങളും സമ്മേളനങ്ങളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. മന്ത്രി കെ.പി രാജേന്ദ്രൻ, ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ, ടി. ആരിഫലി, ഒ. അബ്ദുർറഹ്മാൻ, പാർവതി പവനൻ, എം.ഡി നാലപ്പാട്ട്, ശൈഖ് മുഹമ്മദ് കാരകുന്ന്, കെ.പി രാമനുണ്ണി, ബാലചന്ദ്രൻ വടക്കേടത്ത്, ഡോ. കൂട്ടിൽ മുഹമ്മദലി, തൃശൂർ മേയർ പ്രഫ. ആർ. ബിന്ദു, പി.സി ചാക്കോ എം.പി, തേറമ്പിൽ

രാമകൃഷ്ണൻ എം.എൽ.എ, അമ്പാടി വേണു, പുരുഷൻ കടലുണ്ടി, കെ.കെ കൊച്ചു മുഹമ്മദ്, ഐ.പി പോൾ, അഡ്വ. എം.എം അലിയാർ, അഡ്വ. പി.എ പൗരൻ, അഡ്വ. മഞ്ചേരി സുന്ദർരാജ്, ടി.വി പുരം രാജു, പ്രഫ. എം.എം നാരായണൻ, കെ.കെ കൊച്ച്, പി.ഐ നൗഷാദ്, റസിയ ചാലക്കൽ, സിസ്റ്റർ ജെസ്മി, അഡ്വ. ആർ.കെ ആഇശ, ജി.കെ എടത്തനാട്ടുകര, യൂസുഫ് ഉമരി, സി. ദാവൂദ്, ശ്രീമദ് സ്വാമി അവ്യയാനന്ദ, റവ. ഫാദർ റാഫേൽ തട്ടിൽ, അബ്ദുൽ ഹബീബ് മദനി, ഡോ. കെ.കെ രാഹുലൻ, പി. അബ്ദുർറഹ്മാൻ, കെ.വി മുഹമ്മദ് സക്കീർ, എൻ.എ മുഹമ്മദ്, എൻ.എം അബ്ദുർറഹ്മാൻ, ഇ. മുഹമ്മദ് അമീൻ തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു.

ദിശ കാണാനെത്തിയവർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ ദിശയുടെ സ്വാധീനം വ്യക്തമാക്കുന്നതാണ്.

“ഭ്രൂണഹത്യയുടെ സ്റ്റാളിൽ പൊട്ടിക്കരഞ്ഞുകൊണ്ട് അട്ടഹസിക്കാൻ തോന്നി...... ദൈവമേ! ഈ തെറ്റ് ചെയ്യുന്ന മനുഷ്യരോട് പൊറുക്കണമേ എന്നല്ലാതെ എന്തു പറയാൻ!”

“എക്സിബിഷൻ കൺകുളിർക്കെ കണ്ടു. എന്റെ ചുറ്റിലുമുള്ളവരെ സ്വന്തം ചെലവിൽ കൊണ്ടുവരും. ഇത് കാണാത്തത് വൻ നഷ്ടമായിരിക്കും; തീർച്ച. മാത്രമല്ല, ഇങ്ങനെയൊന്നുണ്ടായിട്ട് കാണാൻ അയൽവാസികൾക്ക് സൗകര്യം ചെയ്തുകൊടുത്തില്ലെങ്കിൽ ഞാൻ കുറ്റക്കാരനാകും.”

“മതവിദ്വേഷം വിതയ്ക്കുന്ന ഒന്നുംതന്നെ ദിശയുടെ പ്രദർശനത്തിൽ കണ്ടില്ല. ഇതു തന്നെയാണ് മതസൗഹാർദത്തിനുള്ള സന്ദേശമെന്ന് ഞാൻ കരുതുന്നു” – ഒരു റിട്ടയേർഡ് അധ്യാപകന്റെ കുറിപ്പ്.

“ദിശ കാണാനായി കുറഞ്ഞത് ഒരു മണിക്കൂർ ചെലവഴിച്ചപ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ഒരനുഭൂതി. മാനസിക വിഭ്രാന്തിയിൽനിന്ന് അൽപം മോചനം കിട്ടി. സമാധാനമായി ഒരു ദിവസം ചെലവഴിക്കാൻ കഴിയുമെന്ന് ഉറപ്പായി” കൊല്ലത്തു നിന്ന് തൃശൂരിൽ കല്യാണത്തിനെത്തി അവിചാരിതമായി ദിശ കാണാനെത്തിയ ഒരു സുഹൃത്ത് കുറിക്കുന്നു.

സന്ദർശകരുമായി സംസാരിക്കാൻ നിയോഗിക്കപ്പെട്ട വളണ്ടിയർമാർക്ക് ഒരുപാട് നല്ല ഓർമകളാണ് ദിശ സമ്മാനിച്ചത്. സെന്റ് തോമസ് കോളേജിലെ രണ്ട് വിദ്യാർഥിനികൾ, കച്ചവടവത്കരണത്തിന്റെ ലോകത്ത് ഇത്തരമൊരു എക്സിബിഷൻ സംഘടിപ്പിച്ചതിനെ മുക്തകണ്ഠം പ്രശംസിച്ചു. കൗൺസലറെ തങ്ങളുടെ കോളേജിലേക്ക് ക്ലാസെടുക്കാൻ ക്ഷണിച്ചിട്ടാണ് അവർ മടങ്ങിയത്. വൈക്കം സ്വദേശി മിത്രൻസാറിനെ ഏറ്റവും ആകർഷിച്ചത് മുഹമ്മദ് നബി(സ)യുടെ മഹനീയ മാതൃകകൾ വിവരിക്കുന്ന സ്റ്റാളാണ്.

വളണ്ടിയർമാരുടെ അർപ്പണബോധം എടുത്തുപറയേണ്ടതാണ്. എക്സിബിഷനോടനുബന്ധിച്ച് ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുകയുണ്ടായി. ഡയലോഗ് സെന്റർ കേരളയാണ് എക്സിബിഷൻ സംഘടിപ്പിച്ചത്. ■